I/6136793/2024

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡബ്ല്യു.എം.1/76/2024/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 27-03-2024

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ. - പാഴ്‌വസ്തു സംഭരണ കേന്ദ്രങ്ങിൽ ആൾതാമസം ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നടത്തിയ 26.03.2024-ലെ യോഗത്തിന്റെ നടപടിക്കുറിപ്പ്

**********************

വയനാട് നെന്മേനി പഞ്ചായത്തിലെ ചുള്ളിയോട് ടൗണിന് സമീപമുള്ള പാഴ്‌വസ്തു സംഭരണ കേന്ദ്രത്തിൽ 25.03.2024-ൽ സംഭവിച്ച തീപിടിത്തത്തെ തുടർന്ന് സമീപത്തായി കിടന്ന് ഉറങ്ങിയിരുന്ന വ്യക്തിക്ക് ജീവഹാനി സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും തുടർനടപടികൾ ചർച്ച ചെയ്യുന്നതിനുമായി തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 26.03.2024-ന് യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ മാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ അകത്ത് ആൾതാമസം പാടില്ല എന്ന് കർശന നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനുള്ള മാലിന്യ സംസ്കരണ കേന്ദ്രങ്ങൾക്കുള്ളിൽ ആൾതാമസം അനുവദിക്കരുതെന്ന് ഇതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും കർശനമായി നിർദ്ദേശിക്കുന്നു. ഇത് ഉറപ്പ് വരുത്തേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സെക്രട്ടറിമാരിൽ നിക്ഷിപ്തമാണ്.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി.

ഐ&പി.ആർ. വെബ് & ന്യൂ മീഡിയ വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ക്യാമ്പയിൻ സെക്രട്ടേറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
M.k.pradeesh Kumar
Date: 27-03-2024 16:18:34

സെക്ഷൻ ഓഫീസർ.